(ബി) പുതുതായി രൂപീകരിച്ചിട്ടുള്ള തീക്കോയി, വലിയ കുമാരമംഗലം, പൂഞ്ഞാർ-പനച്ചിപ്പാറ, ഈരാറ്റുപേട്ട എന്നീ നാലു പഞ്ചായത്തുകളിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഈ പഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ടില്ല.

(സി) ഒരു പഞ്ചായത്തിലെ പ്രസിഡൻറിനെ അവിശ്വാസപ്രമേയം മൂലം മാറ്റിയിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : പ്രവർത്തനം തുടങ്ങുക എന്നു പറഞ്ഞാൽ പഞ്ചായത്തുകൾ അനുവദിച്ചു എന്നുള്ളതാണോ, ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന പ്രവർത്തനങ്ങൾ നടത്തുകയാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മൂന്നുനാലു പഞ്ചായത്തുകൾ പ്രവർത്തനം നടത്തുന്നില്ല. അതുകൊണ്ട് അവയുടെ ബഡ്ജറ്റ് അംഗീകരിച്ചിട്ടില്ല. അവിടെ തിരഞ്ഞെടുപ്പ് നടന്നതിനുശേഷമെ പ്രവർത്തനം തുടങ്ങുകയുള്ളൂ.

ശ്രീ. എൻ. ജി. ചാക്കോ : ബഡ്ജറ്റ് അംഗീകരിക്കാത്തതിനു കാരണമെന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അയച്ചിട്ടുണ്ടാവുകയില്ല.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ഏതെങ്കിലും പഞ്ചായത്തുകളിൽ പണാപഹരണം ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : അതിനു ശിക്ഷ നൽകിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരാതികളെക്കുറിച്ച് നടപടികൾ എടുത്തുവരികയാണ്.

ശ്രീ. ആർ. സുശീലൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ഞങ്ങൾ ഈ ചോദ്യങ്ങൾ അയച്ചിട്ട് രണ്ടുമാസമായി. രണ്ടുമാസത്തിനു മുമ്പ് അയച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ഇനിയും നടപടിനടത്തി വരുന്നു എന്നുള്ള മറുപടിയാണ് ലഭിച്ചുവരുന്നത്. ഈ നടപടിനടത്തി വരുകയാണെന്നു മറുപടി കിട്ടുന്നതിനു വേണ്ടിയല്ല ഞങ്ങൾ ചോദ്യം അയയ്ക്കുന്നത്. ഞങ്ങൾക്ക് അതെസംബന്ധിച്ചുള്ള ശരിയായ വിവരങ്ങൾ ഗ്രഹിക്കുന്നതിനാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒരു ചോദ്യത്തിൻെറ പരിധിയിൽ പെടാവുന്ന വിവരങ്ങൾ മാത്രമെ ശേഖരിച്ചു പറയാൻ സാധിക്കുകയുള്ളൂ. അല്ലാതെ എല്ലാ കാര്യങ്ങളെപ്പറ്റിയും വിവരങ്ങൾ ശേഖരിച്ചു മറുപടി പറയാൻ വളരെ പ്രയാസമുള്ള സംഗതിയാണ്.

അരി സ്റ്റോക്ക്.

* 619. [16] ശ്രീ. ആർ. സുശീലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൊല്ലത്തുള്ള ഗോഡൗണുകളിൽ എത്ര ടൺ അരി സ്റ്റോക്കിരിപ്പുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി). ഈ അരി നശിച്ചു നാമാവശേഷമാകാറായതായി പത്ര വാർത്ത വന്നതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ : ഇതു് ആൻസർ ചെയ്തിട്ടുള്ളതാണു്.

ശ്രീ. ആർ. സുഗതൻ : അവിടെ അരി നന്നാക്കുന്നതായിട്ടു പറഞ്ഞു. അതിൽ എന്തു ഷാർട്ടേജു് വന്നിട്ടുണ്ടെന്നു പറഞ്ഞാൽ കൊള്ളാം.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) 1955 ഒക്ടോബർ ഒന്നാംതീയതിവരെ കൊല്ലത്തുള്ള ഗോഡൗണിൽ 768 ടൺ അരി സ്റ്റാക്കുണ്ടായിരുന്നു.

(ബി) ഈ അരി നശിച്ചു നാമാവശേഷമാകാറായതായി പത്ര വാർത്തകൾ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ അരി പാറാറി നന്നാക്കാൻ കോൺട്രാക്ട് കൊടുത്തിരുന്നോ?

ശ്രീ. എ. ജെ. ജാൺ : ഈ സംസ്ഥാനത്തു പല ഗോഡൗണുകളിൽ സ്റ്റാക്കായിരുന്ന അരിയും പാറാറി നന്നാക്കാൻ കോൺട്രാക്ട് കൊടുത്തിരുന്നു. അതിൽ 9247 ടൺ അരി നന്നാക്കി ഇൻഡ്യാ ഗവണ്മെൻറിനെ ഏല്പിച്ചു.

ശ്രീ. ടി. കെ. ദിവാകരൻ : അതിൽ എന്തു ഷാർട്ടേജു വന്നിട്ടുണ്ടു്?

ശ്രീ. എ. ജെ. ജാൺ : അതു മുഴുവൻ നന്നാക്കിയതിനശേഷമെ അറിയാൻ നിവൃത്തിയുള്ളു. ഇനിയും 800-ൽ ശിഷ്ടം ടൺ അരി ബാക്കിയുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : പത്രവാർത്ത വന്നതോടുകൂടി ഈ ഗോഡൗണുകളിൽ സൂക്ഷിച്ചുവരുന്ന അരി അവിടത്തെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ വിറ്റഴിച്ചിട്ടുള്ളതായി പത്ര വാർത്തകൾ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ചെയ്തിട്ടുള്ളതായി പത്ര വാർത്ത വന്നിട്ടുണ്ടു്. അതു് ഏതായിരുന്നാലും അരിയിൽ ഷാർട്ടേജു വന്നിട്ടുണ്ടെങ്കിൽ അതു കണ്ടുപിടിക്കുന്നതിനു പ്രത്യേകം ഓഫീസറന്മാരെ നിയമിച്ചിട്ടുണ്ടു്. ഇപ്രകാരം ഷാർട്ടേജുള്ളതായി കണ്ടുപിടിക്കുകയുണ്ടായാൽ അതിനു ചുമതലപ്പെട്ടവരുടെ പേരിൽ കർശനമായ നടപടികൾ നടത്തുന്നതാണു്.

ശ്രീ. കെ. പി. ഹോർമീസ് : ഓരോ ഗോഡൗണുകളിലും ഉള്ള ഷാർട്ടേജു പ്രത്യേകം കണ്ടുപിടിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ചെയ്യുകിൽ മാത്രമെ ഓരോ ഗോഡൗണിലും ഉള്ള ഷാർട്ടേജിനു് അരിയുടെ ചാർജ്ജു വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ കുറക്കാരാണോ അല്ലയോ എന്നു കണ്ടുപിടിക്കാൻ സാധിക്കയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. നീലകണ്ഠൻ : ഈ ഗോഡൗണുകളിൽ ഇരിക്കുന്ന അരിച്ചാക്കിൽ അരിക്കുടകം മണ്ണുനിറച്ചു വച്ചിട്ടുള്ളതായി റവന്യൂമിനിസ്റ്ററുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ശ്രദ്ധയിൽ പെട്ടിട്ടില്ല.

പച്ചമരുന്നുകൾക്കുള്ള തുക.

* 620. [17] ശ്രീ. കുട്ടപ്പൻ ചോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആയുർവ്വേദാശുപത്രികളിലും ഡിസ്പെൻസറികളിലും പച്ച മരുന്നുകൾ വാങ്ങുന്നതിനുള്ള തുക ഈ സാമ്പത്തികവർഷത്തിൽ കുറവു ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) സർക്കാർ ആയുർവ്വേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും പച്ച മരുന്നുകൾ വാങ്ങുന്നതിനുള്ള തുക ഈ സാമ്പത്തികവർഷത്തിൽ കുറവു ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ആയുർവ്വേദാശുപത്രികളിൽ മരുന്നു വാങ്ങാൻ വരുന്ന രോഗികളുടെ എണ്ണം അനുസരിച്ചാണോ, അതല്ലെങ്കിൽ ഏതടിസ്ഥാനത്തിലാണ് ഈ തുക അനുവദിക്കുന്നത് ?

ശ്രീ. എ. എ റഹിം : ആശുപത്രിയിൽ മരുന്നുകളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഒരു രോഗിക്ക് എത്ര രൂപ അല്ലെങ്കിൽ എത്ര രൂപ ഒരു ദിവസത്തേയ്ക്ക് അല്ലെങ്കിൽ ഒരു മാസത്തേയ്ക്ക് മരുന്നിനായി ചെലവാകും എന്ന കണക്കാക്കിയാണോ ഈ രൂപ അനുവദിക്കുന്നത് ?

ശ്രീ. എ. എ. റഹിം : അതു് ഓരോ ആശുപത്രിയിലും ആവശ്യമുള്ള മരുന്നിന്റെ അടിസ്ഥാനത്തിൽ ഇത്ര രൂപ വേണമെന്ന് കണക്കാക്കി അനുവദിക്കുകയാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : അലോപ്പതി ആശുപത്രിയിൽ ഇത്ര തുക ചെലവാകും, ആയുർവ്വേദാശുപത്രിയിൽ ഇത്ര ചെലവാകും, എന്ന കണക്ക വല്ലതും പ്രത്യേകമായിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഓരോ ആശുപത്രിയിലേയ്ക്കും എത്ര തുക വേണം എന്ന പ്രത്യേകിച്ച് അറിയണമെങ്കിൽ അതു് പിരിച്ചുവേണം അറിയാൻ.

LIBRARY ARCHIVES Kerala Legislative Assembly